| വർഷം | പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 2005 | 2 | ... |
| 2006 | ... | 1 |
| 2007 | 3 | 1 |
| 2008 | ... | ... |
| 2009 | ... | ... |
| 2010 | ... | ... |

(സി) നൽകി വരുന്നുണ്ട്.

(ഡി) എൻ.ഐ.റ്റി. അവലംബിച്ചിരിക്കുന്നത് ക്രെഡിറ്റ് സമ്പ്രദായമായതിനാൽ കോഴ്സ് പൂർത്തീകരിക്കേണ്ട കാലയളവ് 4 വർഷവും പരമാവധി 6 വർഷവുമാണ്. സെമസ്റ്റർ സമ്പ്രദായത്തിൽ സെമസ്റ്റർ കാലയളവിൽ പരാജയം ക്ലാസ് കയറ്റത്തിനും തുടർപഠനത്തിനും മാനദണ്ഡമാകുന്നില്ല. സെമസ്റ്ററിൽ തോറ്റവർക്ക് 6 വർഷകാലയളവിനുള്ളിൽ വീണ്ടും പരീക്ഷ എഴുതി പാസ്സായാൽ മതി. തോറ്റ സെമസ്റ്ററിന് ക്ലാസ്സിൽ അറ്റന്റ് ചെയ്യിക്കുന്ന സമ്പ്രദായം എൻ.ഐ.റ്റി.-യിൽ ഇല്ല. പരീക്ഷ എഴുതുന്നതിനുള്ള ഫീസാനുകൂല്യം മൂന്ന് തവണവരെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദിച്ച് നൽകുന്നുണ്ട്.

## കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ നടത്തിയ എസ്സി./എസ്ടി. ക്ഷേമ പദ്ധതികൾ

145 (1108) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ സമുദായക്ഷേമത്തിനായി കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ നടത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ :

(ബി) അടുത്ത സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് വാഴക്കാട് ഗ്രാമപഞ്ചായത്തിലെ അയ്യംചോല കോളനി കുടിവെള്ള പദ്ധതിക്ക് 23 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായുള്ള പദ്ധതികൾക്ക് അന്തിമരൂപം ആയിട്ടില്ല.

**മഞ്ചേശ്വരം മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടത്തിയ പ്രവർത്തനം**

**146 (1109)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് മഞ്ചേശ്വരം മണ്ഡലത്തിൽ നടത്തിയ വികസന ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) അതിനോരോന്നിനും ചെലവഴിച്ച തുക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് മഞ്ചേശ്വരം മണ്ഡലത്തിൽ നടത്തിയ ക്ഷേമപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. ചികിത്സാ ധനസഹായ പദ്ധതി
2. ഭവന നിർമ്മാണ പദ്ധതി
3. ഭൂമി വാങ്ങൽ ധനസഹായ പദ്ധതി
4. മിശ്രവിവാഹ ധനസഹായ പദ്ധതി
5. വിവാഹ ധനസഹായ പദ്ധതി
6. സ്വയംതൊഴിൽ ധനസഹായ പദ്ധതി

കൂടാതെ മഞ്ചേശ്വരം മണ്ഡലത്തിൽ ബന്തിയോട് എന്ന സ്ഥലത്ത് പുതുതായി ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ആൺ) ആരംഭിക്കുകയും ആയതിലേക്ക് അവശ്യസാധനങ്ങൾ വാങ്ങുന്നതിനായി 13,84,712 രൂപ അനുവദിച്ചിട്ടുമുണ്ട്. കൂടാതെ കുമ്പള, കുബന്നൂർ എന്ന സ്ഥലത്ത് ആൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുകയും ഹോസ്റ്റൽ സ്ഥാപിക്കുന്നതിനായി 230.74 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുമുണ്ട്.